# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 സെപ്റ്റംബർ 20

# വാർത്താക്കുറിപ്പ്

## അപേക്ഷ തീയതി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം റഗുലർ-2019 അഡ്മിഷൻ/2017 അഡ്മിഷൻ റീഅപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഒക്ടോബർ അഞ്ചുമുതൽ 11 വരെയും 500 രൂപ പിഴയോടെ ഒക്ടോബർ 14 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 15 വരെയും അപേക്ഷിക്കാം. അപേക്ഷകൾ സമർപ്പിക്കേണ്ട വിധം, ഫീസ് ഉടങ്ങി വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1701/2019)

## പ്രാക്ടിക്കൽ

2019 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. മ്യൂസിക് വയലിൻ (സി.എസ്.എസ്. - 2018 അഡ്മിഷൻ റഗുലർ/2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി, 2012, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 30, ഒക്ടോബർ ഒന്ന് തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1702/2019)

രണ്ടാം സെമസ്റ്റർ എം.എ. ആനിമേഷൻ, ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, സിനിമ ആന്റ് ടെലിവിഷൻ (സി.എസ്.എസ്. 2018 അഡ്മിഷൻ റഗുലർ/2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) ജൂലൈ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 23 മുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1703/2019)

2019 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എസ്‌സി. സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ്.-റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 26 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1704/2019)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

അഞ്ചാം സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്.എസ്. മെയ് 2019 സപ്ലിമെന്ററി പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ സെപ്റ്റംബർ 25, 26 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 225-ാം നമ്പർ മുറിയിൽ തിരിച്ചറിയൽ കാർഡ്/ഹാൾടിക്കറ്റ് എന്നിവ സഹിതം എത്തണം.

(പി.ആർ.ഒ./39/1705/2019)

## രാജ്യാന്തര തീരദേശ ശുചീകരണദിനം ഇന്ന് (സെപ്റ്റംബർ 21);

## എം.ജി. സർവകലാശാലയുടെ നേതൃത്വത്തിൽ ആലപ്പുഴ ബീച്ച് ശുചീകരിക്കും

രാജ്യാന്തര തീരദേശ ശുചീകരണദിനത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിന്റെയും ദേശീയ തീരഗവേഷണ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 21) ആലപ്പുഴ ബീച്ചിൽ ശുചീകരണ പ്രവർത്തനങ്ങളും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കും.

രാവിലെ ഏഴുമുതൽ 10 വരെയാണ് പരിപാടികൾ. ആലപ്പുഴ ജില്ലാ കളക്ടർ ഡോ. അദീല അബ്ദുള്ള ഉദ്ഘാടനം നിർവഹിക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, എൻ.സി.സി.ആർ. കോ-ഓർഡിനേറ്റർ ഡോ. പ്രവാകർ മിശ്ര, സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് ഡയറക്ടർ പ്രൊഫ. ഇ.വി. രാമസ്വാമി എന്നിവർ പങ്കെടുക്കും.

സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിലെ ഗവേഷകരടക്കമുള്ള വിദ്യാർഥികളും അധ്യാപകരും ആലപ്പുഴ എസ്.ഡി. കോളജിലെ ഭൂമിത്രസേന യൂണിറ്റിലെ വിദ്യാർഥികളും ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളാകും. തീരദേശം പ്ലാസ്റ്റിക്, ഇതര മാലിന്യങ്ങളിൽ നിന്ന് മുക്തമായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനായി ലഘുലേഖകൾ പൊതുജനങ്ങൾക്കും കച്ചവടക്കാർക്കും വിതരണം ചെയ്യും. ബീച്ചിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗസാധ്യമാക്കുന്നതിനായി ജില്ലാ ശുചിത്വമിഷന് കൈമാറും. പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി മാലിന്യക്കുട്ടകൾ സ്ഥാപിക്കും.

ഐക്യരാഷ്ട്ര സംഘടനയുടെ സൗത്ത് ഏഷ്യ കോ-ഓപ്പറേറ്റീവ് എൻവയൺമെന്റ് പ്രോഗ്രാമുമായി സഹകരിച്ചാണ് എം.ജി. സർവകലാശാല ശുചീകരണ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത്.

(പി.ആർ.ഒ./39/1706/2019)

## എം.ജിയിൽ ജ്ഞാനപ്രഭാഷണം

## യൂറോപ്പിൽ രണ്ടാം സെക്കുലറൈസേഷൻ

## നടന്നു; പ്രൊഫ. സൈമൺ ഡൂറിങ്

യൂറോപ്പിൽ രണ്ടാം സെക്കുലറൈസേഷൻ നടന്നതായി പ്രമുഖ ചിന്തകൻ പ്രൊഫ. സൈമൺ ഡൂറിങ്. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച പ്രഭാഷണ പരിപാടിയിൽ 'ദ സെക്കന്റ് സെക്കുലറൈസേഷൻ' എന്ന വിഷയത്തിൽ ജ്ഞാനപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ആദ്യ സെക്കുലറൈസേഷൻ മതവും പൊതുജീവിതവും അതിന്റെ രാഷ്ട്രീയവുമായി ബന്ധപ്പെട്ടതായിരുന്നുവെങ്കിൽ രണ്ടാമത്തേത് സാംസ്കാരികതലത്തിലാണ് നടന്നിട്ടുള്ളത്. വരേണ്യ സംസ്കാരത്തിന്റെ പൊളിച്ചെഴുതലാണ് രണ്ടാം സെക്കുലറൈസേഷനിൽ സംഭവിച്ചത്. ഇത് യൂറോപ്പിലാണ് സംഭവിച്ചിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. പ്രഭാഷണ പരിപാടി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ പ്രൊഫ. കെ.എം. കൃഷ്ണൻ, ഡോ. സജി മാത്യു എന്നിവർ പ്രസംഗിച്ചു. വിദ്യാർഥികളും അധ്യാപകരുമായി അദ്ദേഹം സംവദിച്ചു.

**ഫോട്ടോ ക്യാപ്ഷൻ**

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച പ്രഭാഷണ പരിപാടിയിൽ 'ദ സെക്കന്റ് സെക്കുലറൈസേഷൻ' എന്ന വിഷയത്തിൽ പ്രമുഖ ചിന്തകൻ പ്രൊഫ. സൈമൺ ഡൂറിങ് ജ്ഞാനപ്രഭാഷണം നടത്തുന്നു**

(പി.ആർ.ഒ./39/1707/2019)

## International Coastal Clean-up Day – 2019
## Beach Clean-up program and awareness campaign at Alappuzha Beach

In view of the International Coastal Clean-up Day being observed on September 21, School of Environmental Sciences, Mahatma Gandhi University will conduct a major Beach Clean-up program and awareness campaign at Alappuzha Beach on Saturday ,September 21, 2019. This program is a prelude to a major drive to be launched soon by the University to phase-out the single use plastics in the campus. A team of 50 volunteers including MSc students, MPhil , PhD scholars , staff and faculty members from the School of Environmental Sciences of the University will participate in this program. An awareness rally of the volunteers will distribute the pamphlets emphasizing the importance of maintaining a clean beach, not to throw plastics and other debris on the beach , use the appropriate bins for the disposal of trash etc. The pamphlets will be

distributed to the general public, shop owners, small vendors on the beach side, and the beach users. This team will remove the plastics and other debris from the beach , segregate the waste , and handover the segregated trash to the recyclers with the help of Suchitwa mission (Alappey District) , LSGD, Govt. of Kerala. Installation of Trash bins specifically for the Plastic waste in the beach is also a part of this program. The program is scheduled from 7am till 10 am.

The National Centre for Coastal Research (NCCR), Chennai, Ministry of Earth Sciences (MoES), Government of India is the main organizer of this Coastal Clean Seas campaign with Dr Pravakar Mishra ,Scientist – F as coordinator from NCCR , School of Environmental Sciences , MG University Conducts this program (Dr EV Ramasamy , Professor & Director is the Coordinator from MGU) in collaboration with NCCR, along with other collaborators including United Nations Environment Program SACEP, and Suchitwa Mission, LSGD, Govt. of Kerala, Boomithrasena Club of School of Environmental Sciences MGU and SD College Allepey.

Alappuzha District Collector Dr. Adeela Abdulla will inaugurate the clean-up program and other dignitaries to participate in the campaign are Dr Sabu Thomas Hon’ble Vice-Chancellor , Dr CT Aravindakumar Hon’ble Pro Vice-Chancellor , Mahatma Gandhi University, Kottayam, Dr Pravakar Mishra ,Scientist – F co-ordinator, NCCR , Dr EV Ramasamy , Director, School of Environmental Sciences.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ